Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

13.8.2018

All Kerala Press Release
*Ref: 630/KCBC/K-6/KPR/DS*

**മാധ്യമങ്ങൾ സ്വയം നിയന്ത്രണം ഏർപ്പെടുത്തണം: ജസ്റ്റിസ് സിറിയക് ജോസഫ്**

കൊച്ചി:മാന്യതയുടെയും ധാർമ്മികതയുടെയും പരിധികൾ ലംഘിക്കാതിരിക്കാൻ, മറ്റുള്ളവരുടെ സൽപ്പേരു തകർക്കാതിരിക്കാൻ, മതസ്പർദ്ധയും സാമുദായിക സംഘർഷങ്ങളും സൃഷ്ടിക്കുന്ന വാർത്തകൾ പടച്ചുണ്ടാക്കാതിരിക്കാൻ, മാധ്യമങ്ങൾ സ്വയം നിയന്ത്രണം എർപ്പെടുത്തണം. മാധ്യമ സ്വാതന്ത്ര്യവും കേരളസമൂഹവും എന്ന വിഷയത്തിൻ പിഒസിയിൽ നടന്ന സംവാദത്തിൽ മോഡറേറ്ററായിരുന്ന ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. മാധ്യമസ്വാതന്ത്യം ഭരണഘടന ഉറപ്പുനല്കുന്ന മൗലീക സ്വാതന്ത്ര്യമാണ്. ജനാധിപത്യത്തിന്റെ സംസ്ഥാപനത്തിനും സംരക്ഷണത്തിനും മാധ്യമങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. മറ്റു പല തലങ്ങളിലെന്നപോലെ മാധ്യമരംഗത്തും അപചയം സംഭവിച്ചിട്ടുണ്ട്. മാധ്യമസ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം മാധ്യമങ്ങളിലുള്ള വിശ്വസം നഷ്ടപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

'പ്രഫഷണൽ എത്തിക്സ്' ഇല്ലാത്തതാണ് മലയാള മാധ്യമരംഗത്തെ അരാജകത്വത്തിനു കാരണമെന്നും, പൗരന്റെ അന്തസ്സിനെ ഹനിക്കുന്നതും ജനാധിപത്യ സ്ഥാപനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തുന്നതുമായ മാധ്യമ പ്രവർത്തനം ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നും വിഷയാവതരണം നടത്തിയ ഡോ. കെ.എസ്. രാധാകൃഷ്ണൻ പറഞ്ഞു. ഒരു ശരാശരി പൗരനുള്ളതിൽക്കവിഞ്ഞ അവകാശങ്ങൾ മാധ്യമപ്രവർത്തകനുണ്ട് എന്നത് മിഥ്യാധാരണയാണ്. എന്തും പറയാനുള്ള സ്വാതന്ത്ര്യം ആർക്കും ഇല്ലാത്തതുകൊണ്ട് മാധ്യമ പ്രവർത്തകനുമില്ല. അനിയന്ത്രിതമായ സ്വതന്ത്ര്യം അരാജകത്വമുണ്ടാക്കും. മാധ്യമങ്ങൾ സ്വയം നിയന്ത്രണമേർപ്പെടുത്തുന്നില്ലെങ്കിൽ, മാധ്യമ അരാജകത്വമുണ്ടാകും. കേരളത്തിലെ മാധ്യമപ്രവർത്തകരിൽ ചിലർ അർണ്ണാബ്ഗോസ്വാമിമാരാകാൻ മത്സരിക്കുകയാണ്. മാധ്യമ വിചാരണകൾ ലോക്കപ്പ് മർദ്ദനങ്ങളായി മാറുകയാണ്. ഒരു മഞ്ഞപ്പത്രസംസ്ക്കാരം മലയാള മാധ്യമരംഗത്തുണ്ടെന്നും അദ്ദേഹം പറഞ്ഞു.

'വിശ്വാ സ്യത'യാണ് മാധ്യമ പ്രവർത്തനത്തിന്റെ കാതൽ. സാമൂഹ്യമാധ്യമങ്ങളുയർത്തുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ മുഖ്യധാരാമാധ്യങ്ങൾ ക്ലേശിക്കുന്ന സാഹചര്യമാണുള്ളത്, മാധ്യമങ്ങളെ വരുതിക്കുനിർത്താനുള്ള ശ്രമങ്ങൾ രാഷ്ട്രീയവും മതപരവമായ കേന്ദ്രങ്ങളിൽനിന്ന് ഉണ്ടാകുന്നുണ്ടെന്നും ചർച്ചയിൽ പങ്കെടുത്തു

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

സംസാരിച്ച മാതൃഭൂമി സീനിയർ എഡിറ്റർ വി.ജയകുമാർ പറഞ്ഞു.അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ ചോദ്യങ്ങൾ ഇഷ്ടമില്ലാത്തവരും ഡയലോഗ് ഇഷ്ടപ്പെടാത്തവരും പ്രഭാഷണങ്ങളിലൂടെ ആത്മ പ്രശംസ നടത്തുന്നവരും സ്വേച്ഛാധികാരപ്രവണതയുള്ളവരുമാണ്. ചോദ്യം ചോദിക്കുന്ന മാധ്യമങ്ങളെ അവർ ഭയപ്പെടുകയോ ഒഴിവാക്കുകയോ ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കാനുള്ള പൗരന്റെ അവകാശം സംരക്ഷിക്കാനാണ് മാധ്യമങ്ങൾ പരിശ്രമിക്കുന്നതെന്നും മനോരമ ചാനൽ സീനിയർ എഡിറ്റർ റോമി മാത്യു പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. ഫാ. സാജു കുത്തോടിപുത്തൻപുരയിൽ, ഫാ. മിൽട്ടൻ കളപ്പുരയ്ക്കൽ. ഫാ. ജോസ് കരിവേലിക്കൽ, ഡോ. കൊച്ചുറാണി, ജോസഫ്, ജെക്കോബി, എന്നിവർ പ്രസംഗിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

ഫോട്ടോ മാറ്റർ:കെസിബിസി സെക്രട്ടറിയേറ്റും, കെസിബിസി ഐക്യജാഗ്രതാസമിതിയും സംയുക്തമായി നടത്തിയ 'മാധ്യമസ്വാതന്ത്ര്യവും കേരളസമൂഹവും' എന്ന സംവാദത്തിൽ കെസിബിസി ഡയറക്ടർ റവ.ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. സാജു സിഎസ്ടി, ഡോ. കെ. എസ്. രാധാകൃഷ്ണൻ, ശ്രീ. റോമി മാത്യു, റവ. ഫാ. മിൽട്ടൻ കളപ്പുരയ്ക്കൽ, ജസ്റ്റിസ് സിറിയക് ജോസഫ് എന്നിവർ സമീപം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

ഫോട്ടോ മാറ്റർ: